# പതിമൂന്നാം കേരള നിയമസഭ
## 15-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2131** **07.12.2015 ൽ മറുപടിയ്ക്ക്**

## പ്ലാസ്റ്റിക്കും പാരിസ്ഥിതിക പ്രശ്നങ്ങളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും<br>സ്പോർട്സും സിനിമയും വകുപ്പമന്ത്രി) |
| (എ) നിലവാരമില്ലാത്ത പ്ലാസ്റ്റിക് ഉല്പന്നങ്ങൾ പ്രചരിക്കുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളും പരിസ്ഥിതിക്കുണ്ടാകുന്ന ഗുരുതരമായ പ്രശ്നങ്ങളും പരിഹരിക്കുവാൻ പ്ലാസ്റ്റിക്ക് നിയന്ത്രിക്കുന്നതിനോ ഏതെങ്കിലും തരത്തിലുള്ള പ്ലാസ്റ്റിക് ഉല്പന്നങ്ങൾ നിരോധിക്കുന്നതിനോ നടപടി സ്വീകരി ച്ചിട്ടുണ്ടോ;<br><br>(ബി) പ്ലാസ്റ്റിക് ക്യാരിബാഗുകൾ അടക്കമുള്ള നിരവധി പ്ലാസ്റ്റിക് ഉല്പന്നങ്ങൾ രൂക്ഷമായ പ്രത്യാഘാതങ്ങളെ ക്ഷണിച്ചു വരുത്തുമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്രയും വേഗം പ്ലാസ്റ്റിക് ഉല്പന്നങ്ങളെ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) യും (ബി) യും<br>40 മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ രാജ്യ വ്യാപകമായി, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ആന്റ് ഹാൻഡ് ലിംഗ് റൂൾസ്, 2011 പ്രകാരം നിരോധിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യം അലക്ഷ്യമായി വലിച്ചെറിയുന്നത് കാരണം ഇവ മണ്ണിലടിഞ്ഞ് മണ്ണിലെ വായു, ജലം എന്നിവയുടെ സുഗമമായ സഞ്ചാരത്തിന് തടസ്സമാകുകയും ഇത് കൃഷിയെയും മറ്റും പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. അലക്ഷ്യമായി വലിച്ചെറിയുന്ന പ്ലാസ്റ്റിക് മാലിന്യം ഓടകളിലൂടെയും മറ്റും ജലാശയങ്ങളിലെത്തിച്ചേരുന്നത് പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ വേർതിരിച്ചുള്ള ശേഖരണം, ട്രാൻസ്പോർട്ടേഷൻ, നിർമ്മാർജ്ജനം എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റുകൾക്ക് രജിസ്ട്രേഷൻ നൽകുന്നത് ചട്ടപ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുമതലയാണ്. സംസ്ഥാനത്ത് ബഹു ഭൂരിപക്ഷം നഗരസഭകളുടേയും നേതൃത്വത്തിൽ പ്ലാസ്റ്റിക് അടക്കമുള്ള അജൈവ മാലിന്യം ശേഖരിച്ച് പുനരുപയോഗം/പുന:ചംക്രമണത്തിനായി കൈമാറുന്ന നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ